# പ്രതീക്ഷ

## സമഗ്രഗുണമേന്മപദ്ധതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026


## ടി.എസ്.എൻ.എം. ഹൈസ്കൂൾ

**കുണ്ടൂർക്കുന്ന്**

**ചെർപ്പുളശ്ശേരി ഉപജില്ല**

**പാലക്കാട്**

# പ്രതീക്ഷ

**സമഗ്രഗുണമേന്മപദ്ധതി**

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026**

**tsnm20042@gmail.com**

**Ph: +91 9447997695**

**ടി.എസ്.എൻ.എം. ഹൈസ്കൂൾ**

**കുണ്ടൂർക്കുന്ന്**

**ചെർപ്പുളശ്ശേരി ഉപജില്ല**

**പാലക്കാട്**

https://schoolwiki.in/sw/m782

# ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ച്ചപ്പാട്

5. പദ്ധതിരൂപവത്കരണപ്രക്രിയ

6. നിലവിലെ അവസ്ഥാവിശകലനം

7. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

8. അക്കാദമിക് കലണ്ടർ

9. ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ തുടർച്ചയായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുവാൻ എല്ലാ വിദ്യാലയങ്ങളിലും ഈ വർഷം സമഗ്രഗുണമേന്മവിദ്യാഭ്യാസപദ്ധതി നടപ്പാക്കുകയാണ്. സമൂഹത്തെ കാർന്നുതിന്നുന്ന മാരകവിപത്തായ ലഹരിക്കെതിരെ വിദ്യാലയങ്ങളിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരിവിരുദ്ധബോധവത്കരണപ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്യുന്നു. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഗുണഫലമായി മുൻ കാലങ്ങളിലില്ലാത്തവിധം കുട്ടികൾക്കും പൊതു സമൂഹത്തിനും പൊതുവിദ്യാലയങ്ങളിലെ വിശ്വാസം വർദ്ധിച്ചു. എന്നാൽ ഓരോ വിദ്യാർത്ഥിക്കും ദേശ-ഭാഷാ-വർഗ-വർണ-ലിംഗഭേദമന്യേ നാം ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ലക്ഷ്യത്തിലെത്താൻ വിദ്യാലയസമൂഹവും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കൂട്ടായി പ്രയത്നിക്കേണ്ടതുണ്ട്. അതിന്റെ ആദ്യപടിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. വിദ്യാലയദ്ധതികൾ ഏതു തരത്തിലാകണമെന്ന് വിഭാവനം ചെയ്തു സ്കൂൾ തലത്തിൽ ചർച്ച ചെയ്ത് അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും സമയബന്ധിതമായി നടപ്പാക്കാൻ ഒരു കലണ്ടറും തയ്യാറാക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിജ്ഞാനസമ്പാദനമാണ് എന്ന കാഴ്ചപ്പാട് മാറി. അദ്ധ്യാപകൻ പറഞ്ഞു കൊടുക്കുകയും വിദ്യാർത്ഥികൾ കേട്ടു പഠിക്കുകയും ചെയ്യുന്ന രീതി കാലഹരണപ്പെട്ടു. പഠനബോധനപ്രക്രിയയുമായി ബന്ധപ്പെട്ട പുതിയ പ്രത്യയശാസ്ത്രങ്ങൾ രൂപപ്പെടുകയും പഠനപ്രക്രിയയിൽ സമഗ്രമായ പരിവർത്തനം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 'വിജ്ഞാനം അദ്ധ്യാപകന്റെ നാവിൻതുമ്പിലല്ല നമ്മുടെ വിരൽത്തുമ്പിലുള്ള നിർമ്മിതബുദ്ധിയുടെ ലോകത്താണ്'' എന്ന കാലഘട്ടത്തിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. ആധുനികലോകത്തു ജീവിക്കാനാവശ്യമായ നൈപുണികളും പ്രക്രിയാശേഷികളും സാമൂഹികബോധവും കുട്ടിയിൽ വളർത്താൻ ക്ലാസ് മുറികൾക്കു കഴിയേണ്ടതുണ്ട്. വിദ്യാലയം കൂടുതൽ സാങ്കേതികസൗഹൃദമാകുകയും മികച്ച പഠനാന്തരീക്ഷം ഒരുക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും അതതു തലത്തിലുള്ള പഠനനേട്ടങ്ങൾ ആധുനികസങ്കേതങ്ങളെ പ്രയോജനപ്പെടുത്തി ആസ്വാദ്യകരമാക്കാൻ സാധിക്കുന്ന തരത്തിലുള്ള ആസൂത്രണമാണ് അക്കാദമിക് മാസ്റ്റർ പ്ലാനുകൾ ലക്ഷ്യമിടുന്നത്. 1949-ൽ ആരംഭിച്ച ഒരു ലോവർ പ്രൈമറി വിദ്യാലയം എഴുപത്തിയാറു വർഷം പിന്നിടുമ്പോൾ മൈനസ് 2 മുതൽ പ്ലസ് 2 കൂടി പഠിക്കാനുള്ള സൗകര്യങ്ങളോടുകൂടിയതാണിപ്പോൾ. അതുകൊണ്ടുതന്നെ ഈ വർഷം ചെയ്യുന്ന പ്രത്യേക പ്രവർത്തനങ്ങൾ കൂടി അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്. വിദ്യാലയത്തിന്റെ അക്കാദമികവും അക്കാദമികേതരവും ഭൗതികവുമായ സമഗ്രവികസനപദ്ധതിയായാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്.

**വിവരങ്ങൾ**

സ്കൂൾ കോഡ്: 20042
SSLC പരീക്ഷ സെന്റർ കോഡ്: 51008
UDISE Code: 32060700810
Email ID: tsnm20042@gmail.com
https://schoolwiki.in/sw/m782

**വിദ്യാഭ്യാസഭരണസംവിധാനം**

റവന്യൂ ജില്ല: പാലക്കാട്
വിദ്യാഭ്യാസ ജില്ല: മണ്ണാർക്കാട്
ഉപജില്ല: ചെർപ്പുളശ്ശേരി
BRC: മണ്ണാർക്കാട്

**ഭരണസംവിധാനം**

ലോകസഭാമണ്ഡലം: പാലക്കാട്
നിയമസഭാമണ്ഡലം: ഒറ്റപ്പാലം
താലൂക്ക്: മണ്ണാർക്കാട്
ബ്ലോക്ക് പഞ്ചായത്ത്: മണ്ണാർക്കാട്
തദ്ദേശസ്വയംഭരണസ്ഥാപനം: തച്ചനാട്ടുകര ഗ്രാമപ്പഞ്ചായത്ത്

**വിദ്യലയഭരണസംവിധാനം**

വിദ്യാലയഭരണവിഭാഗം: എയ്ഡഡ്
വിദ്യാലയവിഭാഗം: പൊതുവിദ്യാഭ്യാസം
മാനേജർ: ടി.എം. അനുജൻ മാസ്റ്റർ
പഠനവിഭാഗങ്ങൾ: ഹൈസ്കൂൾ
സ്കൂൾതലം: 8 മുതൽ 10 കൂടി
ബോധനമാദ്ധ്യമം: മലയാളം, ഇംഗ്ലീഷ്

**സ്ഥിതിവിരക്കണക്ക്**

ആകെ വിദ്യാർത്ഥികൾ: 870
ആകെ അദ്ധ്യാപകർ: 34
ആകെ അദ്ധ്യാപകേതരജീവനക്കാർ: 5
പാചകജീവനക്കാർ: 1

## സ്കൂൾ നേതൃത്വം

പ്രധാനാദ്ധ്യാപകൻ: രവീന്ദ്രൻ എ. എം.
പി.ടി.എ. പ്രസിഡന്റ്: രാധാകൃഷ്ണൻ സി.
എം.പി.ടി.എ. പ്രസിഡന്റ്: ഫാത്തിമ റഷീദ സി. കെ.

## ക്ലബ്ബുകൾ

**സ്കൗട്സ്:** നിധിൻ എ., മുഹമ്മദ് റിയാസ് ഇ.കെ. എന്നീ അദ്ധ്യാപരുടെ നേതൃത്വത്തിൽ 2 ട്രൂപ്പുകൾ നിലവിലുണ്ട്

**ഗൈഡ്സ്:** രാഗിണി ആർ., ബിന്ദു ആർ.ബി., ഫാത്തിമ പി. എന്നീ അദ്ധ്യാപകരുടെ നേതൃത്വത്തിൽ 2 കമ്പനികൾ നിലവിലുണ്ട്

**ജൂനിയർ റഡ്ക്രോസ്:** ശ്രീലത എം, ഇന്ദിര പ്രിയദർശിനി എന്നീ അദ്ധ്യാപകരുടെ നേതൃത്വത്തിൽ 1 യൂണിറ്റ് നിലവിലുണ്ട്

**ലിറ്റിൽ കൈറ്റ്സ്:** ഷിഹാബുദ്ദീൻ ടി., സുജിത കെ.ആർ. എന്നീ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഒരു യുണിറ്റ് നിലവിലുണ്ട്

**വിദ്യാരംഗം കലാസാഹിത്യവേദി:** ബിന്ദു ആർ.ബി. എന്ന അദ്ധ്യാപികയുടെ നേതൃത്വത്തിൽ നിലവിലുണ്ട്

## ലക്ഷ്യങ്ങൾ

• സമഗ്രഗുണമേന്മപദ്ധതിയുടെ അന്തഃസത്തയുൾക്കൊണ്ടു സ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

• ഓരോ കുട്ടിയെയും ഓരോ യൂണിറ്റ് ആയിക്കണ്ട് അദ്ധ്യാപനവും അദ്ധ്യയനവും കൂടുതൽ സർഗാത്മകവും സക്രിയവുമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കൽ

• കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്ന പരിപാടികൾ സംഘടിപ്പിക്കൽ

• പാഠ്യാനുബന്ധപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനുള്ള അവസരങ്ങളൊരുക്കൽ

• പഠനപിന്തുണയ്ക്കുള്ള സംവിധാനങ്ങൾ (ലാബ്, ലൈബ്രറി, ഐ.ടി.) എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടുത്തൽ

• എല്ലാ അദ്ധ്യാപകരും ആധുനികസാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ

• വിദ്യാർത്ഥികളും അദ്ധ്യാപകരും സമൂഹവും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

• പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികൾക്ക് അക്കാദമികഗുണനിലവാരമുറപ്പാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ

• ഓരോ വിദ്യാർത്ഥിക്കും പഠനവും വിദ്യാലയാന്തരീക്ഷവും ആസ്വാദ്യമാക്കൽ

• ലഹരിവിരുദ്ധബോധവത്കരണം സംബന്ധിച്ച് സ്കൂളിൽ നടക്കേണ്ടുന്ന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ

• അടിസ്ഥാനശേഷികളുടെ വികസനത്തിനും പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും പ്രത്യേക പദ്ധതികളാവിഷ്കരിക്കൽ

# വിദ്യാലയചരിത്രം

ഇപ്പോഴത്തെ ഒറ്റപ്പാലം താലൂക്കിൽപ്പെടുന്ന വെള്ളിനേഴി പഞ്ചായത്തിലെ കുറുവട്ടൂർ ദേശത്തുള്ള തേനേഴി മനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ശ്രീദേവിയന്തർജ്ജനത്തിന്റെയും മകനായി 1909 ഫെബ്രുവരി 16-നു ജനിച്ച ശങ്കരൻ നമ്പൂതിരിപ്പാട്, തറവാട് ഭാഗിച്ചപ്പോൾ തനിയ്ക്കു ലഭിച്ച, ഇപ്പോഴത്തെ കരിമ്പുഴ പഞ്ചായത്തിന്റെ വടക്കേ അതിരിൽ ഒരു പുര പണിത് കുടുംബ സമേതം അവിടെ താമസമാക്കി. വിദ്യാഭ്യാസസൗകര്യങ്ങൾ ആ ചുറ്റുവട്ടത്തൊന്നും ഇല്ലെന്നതു കണ്ട അദ്ദേഹം തച്ചനാട്ടുകര ഗ്രാമപ്പഞ്ചായത്തിന്റെ തെക്കേ അതിരിൽ 1949 ഓഗസ്റ്റ് 9 ന് രണ്ടു ഡിവിഷനുകളുള്ള ഒന്നാം ക്ലാസോടെ ഒരു പ്രൈമറി സ്കൂൾ തുടങ്ങി - ഒരു നാലുകാലോലപ്പുര. ആദ്യത്തെ പ്രധാനാദ്ധ്യാപകനായി കെ. ഗോപാലൻ നായർ മാസ്റ്ററെ നിയമിക്കുകയും ചെയ്തു.

തുടർന്ന്, കൊല്ലം തോറും ഓരോ ക്ലാസെന്ന ക്രമത്തിൽ കൂട്ടിച്ചേർത്ത് അഞ്ചു കൊല്ലം കൊണ്ട് അഞ്ചു ക്ലാസുകളുള്ള ഒരു പരിപൂർണ്ണ ലോവർ പ്രൈമറി സ്കൂളായി വളർന്നു. 1956-ൽ ഇത് വിദ്യാപ്രദായിനി യു.പി. സ്കൂളായി വളർന്നു. പിന്നീട് 1962 ജൂണിൽ ഇതിനോടു ചേർന്ന് ഒരു ഹൈസ്കൂളും സ്ഥാപിതമായി. ടി.എസ്. നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ശ്രീമതി ദേവകിയന്തർജ്ജനം ഹൈസ്കൂൾ മാനേജരായും സ്കൂൾ സ്ഥാപകനായ ടി.എസ്. നമ്പൂതിരിപ്പാടിന്റെ ജ്യേഷ്ഠപുത്രനായ ടി.എം.എസ്. നമ്പൂതിരിപ്പാട് പ്രധാനാദ്ധ്യാപകനായും ചുമതലയേറ്റു.

തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട് മെമ്മോറിയൽ ഹൈസ്കൂൾ (ടി.എസ്.എൻ.എം. ഹൈസ്കൂൾ) എന്നു പിൽക്കാലത്തു നാമകരണം ചെയ്യപ്പെട്ട ഈ ഹൈസ്കൂൾ 2010-ൽ ഹയർ സെക്കൻഡറി സ്കൂളായി വളർന്നതോടൊപ്പം എൽ.പി. വിഭാഗത്തോടു ചേർന്ന് പ്രീ പ്രൈമറി വിഭാഗം കൂടി പ്രവർത്തിച്ചു തുടങ്ങിയതോടെ, സാങ്കേതികമായി രണ്ടു സ്ഥാപനങ്ങളായ ഈ രണ്ടു വിദ്യാലയങ്ങളും കുണ്ടൂർക്കുന്നിൽ അറിവിന്റെ നിറദീപങ്ങളായി മാറി. ടി.എസ്. നമ്പൂതിരിപ്പാടിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകനും തൃശ്ശൂർ എസ്.എൻ.എ. ഔഷധശാലയുടെ മാനേജരുമായിരുന്ന ശ്രീ. ടി.എം. നാരായണൻ യു.പി. സ്കൂളിന്റെ മാനേജരുടെ ചുമതല വഹിച്ചു. ടി.എസ്. നമ്പൂതിരിപ്പാടിന്റെ ഇളയ മകനും ടി.എസ്.എൻ.എം. ഹൈസ്കൂൾ മുൻ അദ്ധ്യാപകനുമായ ശ്രീ. ടി.എം. അനുജൻ മാസ്റ്ററാണ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ. അദ്ദേഹത്തിന്റെ പത്നിയും ഹൈസ്കൂളിലെ മുൻ പ്രധാനാദ്ധ്യാപികയുമായ ശ്രീമതി വി.എം. വസുമതി ടീച്ചർ യു.പി. സ്കൂളിന്റെ മാനേജരുടെ ചുമതലയും വഹിയ്ക്കുന്നു. ദിവംഗതനായ സി. രാമകൃഷ്ണൻ മാസ്റ്റർ, ശ്രീ. വി.വി. നീലകണ്ഠൻ മാസ്റ്റർ, ശ്രീ. കെ.ടി. വിജയൻ മാസ്റ്റർ, ദിവംഗതനായ ടി. സുരേഷ് മാസ്റ്റർ, ശ്രീമതി വി.എം. വസുമതി ടീച്ചർ, ശ്രീ. എം.എൻ. നാരായണൻ മാസ്റ്റർ എന്നിവർക്കു ശേഷം ശ്രീ. എ.എം. രവീന്ദ്രൻ മാസ്റ്ററാണ് ഇപ്പോൾ ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകൻ.

# പ്രതീക്ഷ – സമഗ്രഗുണമേന്മവിദ്യാഭ്യാസപദ്ധതിരൂപവത്കരണം

**വിവിധ ഘട്ടങ്ങൾ:**

- ഓരോ ടീച്ചറും വിഭാവനം ചെയ്യുന്ന വ്യക്തിഗത മാസ്റ്റർ പ്ലാനുകളുടെ കരട് തയ്യാറാക്കൽ
- സബ്ജക്ട് കൗൺസിലുകളിൽ വിഷയാടിസ്ഥാനത്തിൽ പദ്ധതികളുടെ ക്രോഡീകരണം
- സ്കൂൾ പാർലമെന്റ് കൂടി വിദ്യാർത്ഥികളുടെ താത്പര്യങ്ങൾക്ക് അവസരം നൽകൽ
- പി.ടി.എ., എസ്.എം.സി. തലത്തിൽ സമഗ്രഗുണമേന്മവിദ്യഭ്യാസപദ്ധതി ചർച്ചകൾ നടത്തി അഭിപ്രായങ്ങളവതരിപ്പിക്കൽ
- എസ്.ആർ.ജി യോഗത്തിൽ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ക്ലാസ്, വിഷയം, ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് പദ്ധതി തയ്യാറാക്കൽ
- രൂപരേഖ എസ്.ആർ.ജി., പി.ടി.എ., എസ്.എം.സി., ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- പി.ടി.എ. യുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച അന്തിമരേഖ തയ്യാറാക്കൽ

# അവസ്ഥാപഠനത്തിലെ കണ്ടെത്തലുകൾ

## പാഠ്യപദ്ധതിവിനിമയം

**ഭാഷ**

വായനയിൽ 40% കുട്ടികൾ മുന്നിലാണ് .
30% പേർ ഭാഗികമായ സഹായം ആവശ്യമുള്ളവരാണ്
30% പേർക്ക് പൂർണമായും സഹായം ആവശ്യമാണ്
എഴുത്തിൽ 40% കുട്ടികൾ മുന്നിലാണ് .
30% പേർ ഭാഗികമായ സഹായം ആവശ്യമുള്ളവരാണ്
30% പേർക്കു പൂർണമായും സഹായം ആവശ്യമാണ്

**ഗണിതം**

സ്വയം അപഗ്രഥിച്ച് ചെയ്യാൻ കഴിയുന്നവർ - 40%
അദ്ധ്യാപകരുടെ ചെറിയ സഹായത്തോടെ ചെയ്യാനാകുന്നവർ - 40%
അദ്ധ്യാപകരുടെ പരിപൂർണ്ണസഹായത്തോടെ ചെയ്യാനാകുന്നവർ - 20%

**സാമൂഹ്യശാസ്ത്രം**

സ്വയം നിഗമനത്തിലെത്തുന്നവർ - 60%
അദ്ധ്യാപകരുടെ സഹായത്തോടെ നിഗമനത്തിലെത്തുന്നവർ - 30%
അദ്ധ്യാപകരുടെ പരിപൂർണ്ണസഹായത്തോടെ നിഗമനത്തിലെത്തുന്നവർ- 10%

**ശാസ്ത്രം**

സ്വയം പരീക്ഷണം ചെയ്ത് നിഗമനത്തിലെത്തുന്നവർ- 60%
ഭാഗികമായി ചെയ്യാനാവുന്നവർ - 30%
അദ്ധ്യാപകരുടെ സഹായത്തോടെ ചെയ്യാനാകുന്നവർ- 10%

## പഠനാന്തരീക്ഷം

- ചില ക്ലാസ് മുറികളിൽ വെളിച്ചക്കുറവുണ്ട്
- ചില ക്ലാസുകളിൽ ബോർഡിലേയ്ക്കു കാഴ്ച്ചക്കുറവുണ്ട്
- ചില വിഷയങ്ങളിൽ അനുയോജ്യപഠനോപകരണങ്ങളുടെ കുറവുണ്ട്
- ക്ലാസ് ലൈബ്രറി, ലാബ് , ജൈവവൈവിദ്ധ്യോദ്യാനം എന്നിവയുണ്ട്
- കളിസ്ഥലമുണ്ട്, കളിയുപകരണങ്ങളുടെ കുറവുണ്ട്
- ഐ.ടി. ഉപയോഗമുണ്ട്, പ്രൊജക്റ്ററുകൾ എല്ലാ ക്ലാസിലും ഉണ്ടെങ്കിലും ചിലതു പ്രവർത്തനക്ഷമമല്ല. ഇക്കാര്യം മേൽത്തട്ടിലേയ്ക്ക് അറിയിച്ചിട്ടുണ്ട്
- അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം മികച്ചതാണ്
- ക്ലാസുകളിൽ ജനാധിപത്യം, അവസരസമത്വം, ലിംഗസമത്വം എന്നിവയുണ്ട്
- സ്കൂൾ പാർലമെന്റ്, സ്കൗട്ട്, ഗൈഡ്, ജൂനിയർ റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ് എന്നിവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു

## അദ്ധ്യാപകർ

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ഉണ്ട്
- പഠനസാമഗ്രികളുടെ ലഭ്യതക്കുറവുണ്ട്
- പ്രാദേശിക വിഭവങ്ങൾ  (വിദഗ്ധർ, സാമഗ്രികൾ, സമ്പത്ത്) വേണ്ടതുണ്ട്
- സാമൂഹികപിന്തുണ മെച്ചപ്പെടുത്തേണ്ടതുണ്ട്
- ടീച്ചിങ് മാന്വൽ തയ്യാറാക്കുന്നുണ്ട്
- പി.ടി.എ. ബന്ധം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു
- അദ്ധ്യാപകശക്തീകരണശില്പശാലകളിൽ എല്ലാവരും പങ്കെടുക്കുന്നുണ്ട്
- എല്ലാ അദ്ധ്യാപകർക്കും ഐ.ടി. പരിശീലനം ലഭിച്ചിട്ടുണ്ട്

## ഭൗതികസാഹചര്യം

- പരിസ്ഥിതിസൗഹൃദ ക്ലാസ് മുറികൾ കുറവുണ്ട്
- വിവിധ വിഷയ ലാബുകൾ സജ്ജീകരിക്കേണ്ടിയിരിക്കുന്നു
- വിഷയാധിഷ്ഠിത ലൈബ്രറി സജ്ജീകരിക്കേണ്ടതുണ്ട്
- കൂടുതൽ കളിയുപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്
- ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുണ്ട്
- ഭിന്നശേഷീസൗഹൃദ ടോയ്‌ലറ്റ് സജ്ജീകരിച്ചിട്ടുണ്ട്
- ശുദ്ധജലലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്
- ഓപ്പൺ എയർ ഓഡിറ്റോറിയം സജ്ജീകരിച്ചിട്ടുണ്ട്
- വൃത്തിയും സൗകര്യങ്ങളുമുള്ള നല്ല അടുക്കളയുണ്ട്, ഡൈനിങ് ഹാൾ സ്ഥാപിക്കേണ്ടതുണ്ട്
- ഭിന്നശേഷീസൗഹൃദ ഫർണിച്ചർ സജ്ജീകരിക്കേണ്ടതുണ്ട്
- ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്

## സാമൂഹിക ഇടപെടലുകൾ

- പി.ടി.എ., എസ്.എം.സി., എം.പി.ടി.എ. എന്നിവയുടെ ഇടപെടൽ സജീവമാക്കേണ്ടതുണ്ട്
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽ മെച്ചപ്പെടുത്തണം
- പ്രാദേശികവിദഗ്ധരുടെ സേവനം ലഭ്യമാക്കേണ്ടതുണ്ട്
- വിവിധ വകുപ്പുകളുടെ സഹായം ലഭ്യമാക്കേണ്ടതുണ്ട്
- സന്നദ്ധസംഘടനകളുടെ സഹകരണം മെച്ചപ്പെടുത്തണം

## വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ

- രക്ഷിതാക്കളുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ
- മാലിന്യനിർമാർജ്ജനത്തിലെ പരിമിതികൾ
- കുട്ടികളിലെ വൈകാരിക-മാനസിക പ്രശ്നങ്ങൾ
- കുട്ടികളുടെ പോഷകാഹാരക്കുറവ്, ആരോഗ്യ പ്രശ്നങ്ങൾ
- ഉൾനാടുകളിലേയ്ക്കു പൊതുഗതാഗതസൗകര്യക്കുറവ്

# നിലവിലെ അവസ്ഥാവിശകലനം

സ്കൂളിന്റെ വികസനത്തിൽ മാനേജ്മെന്റ് അതീവശ്രദ്ധ പുലർത്തുന്നതിനാൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ സ്കൂളിലുണ്ട്. എല്ലാ ക്ലാസ് മുറികളിലും വൈദ്യുതിയെത്തുന്നതിനാൽ ഫാൻ, ലൈറ്റ് സൗകര്യങ്ങളുണ്ട്. എല്ലാ ക്ലാസ് മുറികളിലും സ്പീക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭിന്നശഷീവിദ്യാർഥികൾക്കായുള്ള പ്രത്യേക ശുചിമുറി സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ളത്തിനായി കിണർ, ടാങ്ക്, പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 3 ഇടങ്ങളിലായി ടാപ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. സൗകര്യങ്ങളോടു കൂടിയ അടുക്കളയും സ്റ്റോർ റൂമും വിദ്യാലയത്തിലുണ്ട്.

സഹോദരസ്ഥാപനങ്ങളായ യു.പി. സ്കൂൾ - ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കു കൂടി പ്രയോജനപ്പെടും വിധം കളിസ്ഥലവും സ്കൂൾ ബസ് സൗകര്യവുമുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ് സംവിധാനമുണ്ട് ഇപ്പോൾ 20 ഡിവിഷനുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. പ്രധാനാദ്ധ്യാപകനെക്കൂടാതെ 32 സഹാദ്ധ്യാപകരും 1 ക്ലർക്കും 2 ഓഫീസ് അസിസ്റ്റന്റുകളും 2 മീനിയൽ സ്റ്റാഫുകളും ഉച്ചഭക്ഷണപദ്ധതിക്കു കീഴിൽ 1 ജീവനക്കാരിയും ജോലി ചെയ്യുന്നുണ്ട്.

**മാനേജർ: ടി.എം. അനുജൻ മാസ്റ്റർ**

**പ്രധാനാദ്ധ്യാപകൻ: എ.എം. രവീന്ദ്രൻ മാസ്റ്റർ**

**പി.ടി.എ പ്രസിഡന്റ്: രാധാകൃഷ്ണൻ സി.**

**എം.പി.ടി.എ. പ്രസിഡന്റ്: ഫാത്തിമ റഷീദ സി.കെ.**

**സ്റ്റാഫ് സെക്രട്ടറി: എം.എൻ. പ്രമോദ് മാസ്റ്റർ**

**എസ്.ആർ.ജി. കൺവീനർ: ഡി. ലീലാമണി ടീച്ചർ**

## ഭൗതികം-പരിമിതികൾ

- ഏതാണ്ട് 900 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ പൂന്തോട്ടം, ജൈവവൈവിദ്ധ്യ പാർക്ക്, അടുക്കളത്തോട്ടം എന്നിവയ്ക്കായി പ്രത്യേക സ്ഥലമില്ല.
- കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് പ്രത്യേക ഭോജനശാല ആവശ്യമുള്ളതാണ്
- കമ്പ്യൂട്ടർ ലാബ് വിപുലപ്പെടുത്തേണ്ടതുണ്ട് .
- ലാബ്, ലൈബ്രറി എന്നിവയ്ക്കു കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്
- റീഡിങ് റൂം ഏർപ്പെടുത്തണം, എല്ലാ ക്ലാസുകളിലെയും ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തണം
- മഴവെള്ളസംഭരണി, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കണം

| നിലവിലെ ജീവനക്കാരുടെ വിവരങ്ങൾ | | |
|---|---|---|
| 1 | രവീന്ദ്രൻ എ. എം. | Headmaster |
| 2 | അനിഷ സി. എസ്. | HST Physical Science |
| 3 | ശ്രീലത എം. | HST Natural Science |
| 4 | സജീഷ് കെ. | HST Physical Science |
| 5 | സുജിത കെ. ആർ. | HST Natural Science |
| 6 | അഖില സി. പി. | HST Physical Science |
| 7 | സുധീർ കെ. കെ. | HST Natural Science |
| 8 | പ്രമോദ് എം. എൻ. | HST Mathematics |
| 9 | അരുണ സി. പി. | HST Mathematics |
| 10 | രാമമോഹനൻ എൻ. എൻ. | HST Mathematics |
| 11 | സുമ കെ. ബി. | HST Social Science |
| 12 | രാഗിണി ആർ. | HST Social Science |
| 13 | മീര എം. പി. | HST English |
| 14 | ചാന്ദ്നി ടി. | HST English |
| 15 | ദിവ്യ കെ. സി. | HST English |
| 16 | ഇന്ദിര പ്രിയദർശിനി എം. | HST English |
| 17 | ലീലാമണി ഡി. | HST Malayalam |
| 18 | ബിന്ദു ആർ. ബി. | HST Malayalam |
| 19 | ഉഷ എ. ആർ. | HST Hindii |
| 20 | നിധിൻ എ. | HST Hindii |
| 21 | അബ്ദുൾ ജലീൽ സി. എച്ച്. | HST Arabic |
| 22 | ഷിഹാബുദ്ധീൻ ടി. | HST Arabic |
| 23 | ലോഹിതാക്ഷൻ ടി. കെ. | HST Sanskrit |
| 24 | ഫാത്തിമ പി. | HST Urudu |
| 25 | ചന്ദ്രമോഹനൻ എം. | Drawing Teacher |
| 26 | അർജ്ജുൻ രവി | Physical Education Teacher |
| 27 | മുഹമ്മദ് റിയാസ് ഇ. കെ. | HST Mathematics |
| 28 | ഐശ്വര്യ രാധാകൃഷ്ണൻ | HST Mathematics |
| 29 | അശ്വിത കൃഷ്ണ | HST Malayalam |
| 30 | ഷിനു വി. പി. | HST Hindii |
| 31 | ദീപ എം. | HST Social Science |
| 32 | ഡോ. ജിഷ ടി. എസ്. | HST Physical Science |

| | | |
|---|---|---|
| 33 | ഉമ ഉണ്ണിക്കൃഷ്ണൻ | HST Social Science |
| 34 | ഗോവിന്ദപ്രസാദ് കെ. | Clerk |
| 35 | ജയചന്ദ്രൻ കെ. | Office Assistant |
| 36 | നസീർ ബാബു കെ. | Office Assistant |
| 37 | പ്രവീൺ എ. | Menial Staff |
| 38 | പ്രമോദ് എസ്. | Menial Staff |

# പാഠ്യ-പാഠ്യേതര നേട്ടങ്ങൾ

താരതമ്യേന പഠനനിലവാരത്തിൽ ശരാശരിക്കു മുകളിലാണ് കുട്ടികളുടെ സ്ഥാനം. പിന്നാക്കക്കാരായ കുട്ടികൾക്കായി അധികസമയം കണ്ടെത്തി പ്രത്യേക പരിശീലനം നടന്നുവരുന്നുണ്ട്. മുന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി NMMS, YIP ശാസ്ത്രപഥം, Inspire Award തുടങ്ങിയ പരിശീലനങ്ങളും സ്കൂളിൽ നടക്കുന്നു. സ്കൂൾതല ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയമേള, സ്കൂൾ കലാമേള, കായികമേള, IT മേള എന്നിവ നടത്തി വരാറുണ്ട്. സംസ്ഥാനതലമേളകളിലും കുട്ടികൾ ഉയർന്ന ഗ്രേഡ് നേടി. Sanskrit-Arabic-Urudu Talent Search Examinations, സംസ്കൃതം സ്കോളർഷിപ്പ് എന്നിവയും കുട്ടികൾ നേടിയിട്ടുണ്ട്.

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്കൗട്ട് & ഗൈഡ് യൂണിറ്റുകൾ, ജൂനിയർ റെഡ് ക്രോസ് യൂണിറ്റ്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, കായിക ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി എന്നിവയും സ്കൂളിലുണ്ട്. എല്ലാ വർഷവും 10-ലെ കുട്ടികൾക്കു വിനോദയാത്ര സംഘടിപ്പിക്കാറുണ്ട്.

പോലീസ്-ട്രാഫിക് യൂണിറ്റിന്റെ സഹകരണത്തോടെ സ്കൂളിൽ സുരക്ഷായാത്ര-ട്രാഫിക് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൈവ പച്ചക്കറിത്തോട്ടം ആരംഭിച്ചു.

ചെർപ്പുളശ്ശേരി ഉപജില്ലാ സംസ്കൃതം-അറബിക് കലാമേളകളിൽ ഓവറോൾ ഒന്നാം സ്ഥാനം നേടാൻ സാധിച്ചു.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി ദേശീയസമ്പാദ്യപദ്ധതി, വിദ്യാനിധി എന്നിവ സ്കൂളിലുണ്ട്. ഓണം, പെരുന്നാൾ തുടങ്ങിയ ദിവസങ്ങളിൽ പ്രത്യേക പരിപാടികളും സ്നേഹവിരുന്നും സംഘടിപ്പിക്കാറുണ്ട്. എല്ലാ ദിനാചരണങ്ങളും കാര്യക്ഷമമായി സ്കൂളിൽ നടന്നു വരാറുണ്ട്. കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കാനായി സ്കൂളിൽ ക്ലാസുകളിലേയ്ക്കു പത്രങ്ങൾ വരുത്തുന്നുണ്ട് .

തച്ചനാട്ടുകര ഗ്രാമപ്പഞ്ചായത്തുമായി സഹകരിച്ച് പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ പരിസരത്ത് ട്രാഫിക് സുരക്ഷാ കണ്ണാടി, സുരക്ഷാ ബോർഡുകൾ എന്നീ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

**2024-25 അദ്ധ്യയനവർഷത്തിലെ നേട്ടങ്ങൾ**

- ഉപജില്ല-ജില്ല-സംസ്ഥാനതലങ്ങളിൽ നടന്ന വിവിധ മേളകളിൽ വിജയം
- സംസ്കൃതം-ഉറുദു-അറബിക് ടാലന്റ് സർച്ച് പരീക്ഷകളിൽ വിജയം
- സ്കൗട്ട്-ഗൈഡ് രാജ്യപുരസ്കാർ പരീക്ഷാവിജയം
- NMMS Scholarship വിജയം
- ലിറ്റിൽ കൈറ്റ്സ്-ജൂനിയർ റഡ്ക്രോസ് പരീക്ഷാവിജയങ്ങൾ
- SSLC പരീക്ഷയെഴുതിയ 307 കുട്ടികളിൽ 306 പേരുടെ വിജയം, അവരിൽ 32 പേർക്ക് - ഏതാണ്ട് 10% - 10 വിഷയങ്ങളിലും A+ Grade, 10 പേർക്ക് 9 വിഷയങ്ങളിൽ A+ Grade

**പുതുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ**

| ക്രമ നമ്പർ | പരിപാടി | ചുമതല | ദിവസം / കാലം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രവേശനോത്സവം | ഫെസ്റ്റിവൽ കമ്മിറ്റി | ജൂൺ 2 |
| 2 | ആദ്യത്തെ SRG Meeting | SRG കൺവീനർ | ജൂൺ 3 |
| 3 | ലോകപരിസ്ഥിതിദിനം | Nature Club, English Club | ജൂൺ 5 |
| 4 | വായനദിനം-പക്ഷാചരണം | വിദ്യാരംഗം, All Language Clubs | ജൂൺ 19-ജൂലൈ 18 |
| 5 | അന്താരാഷ്ട്രയോഗദിനം, ലോകസംഗീതദിനം | കായിക ക്ലബ്, Health Club, Music Club | ജൂൺ 21 |
| 6 | ലഹരിവിരുദ്ധദിനം | വിമുക്തി ക്ലബ്, English Club | ജൂൺ 26 |
| 7 | ബഷീർ ദിനം | വിദ്യാരംഗം | ജൂലൈ 5 |
| 8 | ലോകജനസംഖ്യാദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂലൈ 11 |
| 9 | ചാന്ദ്രദിനം | സയൻസ് ക്ലബ് | ജൂലൈ 21 |
| 10 | ഏകദേശ'പൈ'ദിനം | ഗണിത ക്ലബ് | ജൂലൈ 22 |
| 11 | ഹിരോഷിമദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | ആഗസ്റ്റ് 6 |
| 12 | സംസ്കൃതദിനം | സംസ്കൃത ക്ലബ് | ആഗസ്റ്റ് 7 |
| 13 | സ്വാതന്ത്ര്യദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | ആഗസ്റ്റ് 15 |
| 14 | കർഷകദിനം | Nature Club, Health Club | ആഗസ്റ്റ് 17 |
| 15 | സ്കൂൾ കലോത്സവം | ഫെസ്റ്റിവൽ കമ്മിറ്റി | സെപ്റ്റംബർ |
| 16 | സ്കൂൾ കായികമേള | കായിക ക്ലബ് | സെപ്റ്റംബർ |
| 17 | മറ്റു മേളകൾ | വിവിധ ക്ലബ്ബുകൾ | ആഗസ്റ്റ്-സെപ്റ്റംബർ |
| 18 | അദ്ധ്യാപകദിനം | Event Management Committee | സെപ്റ്റംബർ 5 |
| 19 | English Fest | English Club | സെപ്റ്റംബർ 26 |
| 20 | ഗാന്ധിജയന്തി | സാമൂഹ്യശാസ്ത്ര ക്ലബ് | ഒക്ടോബർ 2 |
| 21 | APJ Abdul Kalam Day | English Club | ഒക്ടോബർ 15 |
| 22 | കേരളപ്പിറവിദിനം | വിദ്യാരംഗം | നവംബർ 1 |
| 23 | സ്കൗട്ട് & ഗൈഡ് ദിനം | ആ യൂണിറ്റുകൾ | നവംബർ 7 |
| 24 | ഉറുദുദിനം | ഉറുദു ക്ലബ് | നവംബർ 9 |
| 25 | ശിശുദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | നവംബർ 14 |
| 26 | കമ്പ്യൂട്ടർ സാക്ഷരതാദിനം | IT Club | ഡിസംബർ 2 |
| 27 | അറബിഭാഷാദിനം | അറബിക് ക്ലബ് | ഡിസംബർ 18 |
| 28 | ഹിന്ദിദിനം | ഹിന്ദി ക്ലബ് | ജനുവരി 10 |
| 29 | രാഷ്ട്രഗണതന്ത്രദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | ജനുവരി 26 |
| 30 | അന്താരാഷ്ട്ര 'പൈ'ദിനം | ഗണിത ക്ലബ് | മാർച്ച് 14 |

## പുതുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പരിപാടി | ചുമതല | കാലം |
|---|---|---|---|
| 1 | കൈത്താങ്ങ് | SRG + Co-Ordinator | ജൂലൈ-ഫെബ്രുവരി |
| 2 | SSLC Evening Coaching | വിജയശ്രീ | ജൂലൈ-ഡിസംബർ |
| 3 | NMMS Coaching | ശാസ്ത്രഗണിതശാസ്ത്ര ക്ലബ്ബുകൾ | ജൂലൈ-ഡിസംബർ |
| 4 | SSLC Special Coaching | വിജയശ്രീ + SRG | ജനവരി-ഫെബ്രുവരി |
| 5 | Athletics & Games | ARM + കായിക ക്ലബ് | ജൂൺ-ജനവരി |
| 6 | സംഗീതപരിശീലനം | Music Club | വെള്ളിയാഴ്ച്ചകളിൽ |
| 7 | Little Kites പരിശീലനം | KRS & ARM | ജൂൺ-ജനവരി |
| 8 | JRC പരിശീലനം | MS & IP | ജൂൺ-ജനവരി |
| 9 | Scouts & Guides പരിശീലനം | AN, EKM, RR, RB, FP | ജൂൺ-ജനവരി |
| 10 | YIP ശാസ്ത്രപഥപരിശീലനം | SRG + ശാസ്ത്രാദ്ധ്യാപകർ | ജൂൺ-ഡിസംബർ |
| 11 | Inspire Award Coaching | SRG + ശാസ്ത്രാദ്ധ്യാപകർ | ജൂൺ-ഡിസംബർ |
| 12 | സർഗ്ഗശേഷീവികസനം | വിദ്യാരംഗം, കലാദ്ധ്യാപകൻ | ജൂൺ-ഡിസംബർ |

## പ്രവർത്തനപദ്ധതികളുടെ വിശദീകരണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പദികം | സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ വിഷയങ്ങളിലും | കൈത്താങ്ങ് | SRG + Co-Ordinator | ജൂലൈ-ഫെബ്രുവരി | ₹500 | PTA, Staff Council, Management |

| | | | | | |
|---|---|---|---|---|---|
| അടിസ്ഥാനപരിജ്ഞാനം എല്ലാ കുട്ടികൾക്കും ഉണ്ടാക്കുക | | | | | |
| 100% വിജയത്തിനായി ഡിസംബർ മാസത്തിനുള്ളിൽ പാഠഭാഗങ്ങൾ എടുത്തുതീർക്കുക | SSLC Evening Coaching | വിജയശ്രീ, വിവിധവിഷയാദ്ധ്യാപകർ | ജൂലൈ-ഡിസംബർ | ₹500 | PTA, Staff Council, Management |
| 8-ലെ കുട്ടികളിൽ അർഹരായ കുട്ടികൾക്കെല്ലാം NMMS നേടാറാക്കുക | NMMS Coaching | ശാസ്ത്രഗണിതശാസ്ത്ര ക്ലബ്ബുകൾ | ജൂലൈ-ഡിസംബർ | ₹5000 | പൊതുവിദ്യാഭ്യാസവകുപ്പ് |
| 100% വിജയത്തോടൊപ്പം സമ്പൂർണ്ണ A+ നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനായി അധികസമയം കണ്ടെത്തി ലഘുഭക്ഷണം നൽകിക്കൊണ്ടുള്ള പരിശീലനം | SSLC Special Coaching | വിജയശ്രീ + SRG | ജനുവരി-ഫെബ്രുവരി | ₹26000 | ജില്ലാപഞ്ചായത്ത് |
| കായികക്ഷമതയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിക്കൊണ്ടുള്ള കായികപരിശീലനം കൊടുക്കുക | Athletics & Games | കായിക ക്ലബ് | ജൂൺ-ജനുവരി | ₹20000 | ജില്ലാപഞ്ചായത്ത് |
| സംഗീതാഭിരുചിയുള്ള കുട്ടികളെ | സംഗീതപരിശീലനം | Music Club | വെള്ളിയാഴ്ച്ച തോറും | ₹1000 | PTA, Staff Council, Management |

| | | | | | |
|---|---|---|---|---|---|
| കണ്ടെത്തി അവർക്കു സവിശേഷപരിലനം കൊടുക്കുക | | | | | |
| വിവരസാങ്കേതികവിദ്യയിൽ സവിശേഷപ്രാവീണ്യമുള്ള കുട്ടികൾക്ക് ആ മേഖലയിൽ മികവു തെളിയിക്കാനുള്ള അവസരങ്ങളൊരുക്കുക | Little Kites പരിശീലനം | KRS & ARM | ജൂൺ-ജനുവരി | ₹1000 | PTA, Staff Council, Management |
| സാമൂഹികസേവനങ്ങളിലേർപ്പെടാൻ താത്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യവും നേതൃത്വവും ഒരുക്കിക്കൊടുക്കുക | JRC പരിശീലനം | MS & IP | ജൂൺ-ജനുവരി | ₹1000 | PTA, Staff Council, Management |
| സാമൂഹികസേവനങ്ങളിലേർപ്പെടാൻ താത്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യവും നേതൃത്വവും ഒരുക്കിക്കൊടുക്കുക | Scouts & Guides പരിശീലനം | AN, EKM, RR, RB, FP | ജൂൺ-ജനുവരി | ₹2500 | PTA |
| Innovative ആയ നൈപുണികളുള്ള കുട്ടികൾക്കു നൈപുണ്യവിക | YIP ശാസ്ത്രപഥപരിശീലനം | SRG + ശാസ്ത്രാദ്ധ്യാപകർ | ജൂൺ-ഡിസംബർ | ₹1000 | PTA, Staff Council, Management |

| | | | | | |
|---|---|---|---|---|---|
| സനത്തിനുള്ള സാഹചര്യവും പിൻതുണയും ഒരുക്കിക്കൊടുക്കുക | | | | | |
| പഠനത്തിലും പഠനാനുബന്ധമേഖലകളിലും ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കു സമഗ്രമായ പിൻതുണ നൽകി സ്കോളർഷിപ്പോടെയുള്ള തുടർപഠനത്തിന് അവസരമൊരുക്കുക | Inspire Award Coaching | SRG + ശാസ്ത്രാദ്ധ്യാപകർ | ജൂൺ-ഡിസംബർ | ₹1000 | PTA, Staff Council, Management |
| സർഗ്ഗാത്മകരചനകളിലും വിവിധ കലാരൂപങ്ങളിലു ം താത്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പ്രോത്സാഹനവും പരിശീലനവും ഒരുക്കുക | സർഗ്ഗശേഷി വികസനം | വിദ്യാരംഗം, കലാദ്ധ്യാപകൻ | ജൂൺ-ഡിസംബർ | ₹18000 | PTA |

# ഉപസംഹാരം

SRG Meeting  മാസത്തിൽ 2 തവണയും PTA General body Meeting & Class PTA ഓരോ ടേമിലും 1 തവണ വീതവും നടത്തും. സമഗ്രഗുണമേന്മപദ്ധതിയുടെ ഭാഗമായുള്ള സവിശേഷപരിശീലനങ്ങൾ നൽകും. സ്കൂളിന്റെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ മികവിനാവശ്യമായ നിർദ്ദേശങ്ങളും പിൻതുണയും തരുന്നതിലും അങ്ങേയറ്റം ശ്രദ്ധ പുലർത്തുന്ന Management-ഉം സർവ്വഥാ കൂടെ നിൽക്കുന്ന അദ്ധ്യാപകരക്ഷാകർതൃസമിതിയും SMC-യും നാട്ടുകാരും ഗ്രാമപ്പഞ്ചായത്തും വിദ്യാർത്ഥികളുടെ സമഗ്രോന്നമനത്തിനു സഹായിക്കും എന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.